## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3409** **01-03-2023 - ൽ മറുപടിയ്ക്ക്**

## പുല്ലൂരാംപാറയിലെ ഭവന നിർമ്മാണ ബോർഡിന്റെ സ്ഥലം വിട്ടുനൽകുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി പഞ്ചായത്തിലെ പുല്ലൂരാംപാറയിൽ ഭവന നിർമ്മാണ വകുപ്പിന്റെ അധീനതയിൽ എത്ര ഭൂമിയുണ്ടെന്നും പ്രസ്തുത ഭൂമി എന്താവശ്യത്തിന് മാറ്റി വച്ചതാണെന്നും വ്യക്തമാക്കുമോ; | (എ) | രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ഭവന നിർമ്മാണ ബോർഡ് തിരുവമ്പാടി പഞ്ചായത്തിലെ പുല്ലൂരാംപാറയിൽ വിലകൊടുത്തു വാങ്ങിയ 205 സെന്റ് ഭൂമിയിൽ നിന്നും ഒരു ഭാഗം ഉരുൾ പൊട്ടി ഒലിച്ചു പോയതിനാൽ നിലവിൽ മറ്റു പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാനായിട്ടില്ല. |
| (ബി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് പ്രസ്തുത ഭൂമി വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത ഭൂമിയിൽ അനുയോജ്യമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ബോർഡ് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ